പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 436 29.06.2012 ൽ മറുപടിക്ക്

## പുരാവസ്തു മ്യൂസിയങ്ങളുടെ ആധുനികവൽക്കരണം

ചോദ്യം

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. പാലോട് രവി
ശ്രീ. അൻവർ സാദത്ത്
ശ്രീ. പി. സി. വിഷ്ണുനാഥ്

മറുപടി

ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിൻ കീഴിലെ മ്യൂസിയങ്ങൾ അന്തർദ്ദേശീയ തലത്തിൽ ആധുനികവൽക്കരിക്കുന്ന കാര്യം ആലോചനയിലുണ്ടോ ; | (എ) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ മ്യൂസിയങ്ങൾ ആധുനികവൽക്കരിക്കുന്നതിനാണ് നടപടി സ്വീകരിച്ചു വരുന്നത്. ആധുനികവൽക്കരണത്തിനായി 1 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകി കേന്ദ്രത്തിന് സമർപ്പിക്കുമോ ; | (ബി) | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് അംഗീകരിക്കുന്ന മുറയ്ക്ക് കൂടുതൽ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കാവുന്നതാണ് . |
| (സി) | ഏതെല്ലാം മ്യൂസിയങ്ങളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (സി) | നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപ്പാലസ് പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നീ 3 മ്യൂസിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പുരാവസ്തുക്കൾ സംരക്ഷിച്ച് പ്രദർശിപ്പിക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുമോ ? | (ഡി) | പുരാവസ്തുക്കൾ സംരക്ഷിച്ച് പ്രദർശിപ്പിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ